ഗതാഗത വകുപ്പുമന്ത്രി (ശ്രീ.ആർ. ബാലകൃഷ്ണപിള്ള): സർ, കിളിമാനൂരിൽ ബസ് ഇല്ലെന്നുപറഞ്ഞാൽ, ഈ മെയിൻ റോഡിലൂടെ പോകുന്ന എല്ലാ ബസ്സുകളും കിളിമാനൂർ വഴിയാണ് പോകുന്നത്. വളരെ ദയനീയമായ കളക്ഷനുള്ള മൂന്നു ട്രിപ്പുകളാണ് നിർത്തിയത്. സ്വകാര്യ ബസ് ഓടുന്നിടത്ത് കെ.എസ്.ആർ.ടി.സി. സർവ്വീസ് കൂടുതൽ അനുവദിക്കേണ്ട കാര്യമില്ല. കിളിമാനൂരിൽ അങ്ങനെയുള്ള പ്രശ്നമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം കൂടുതൽ ഷെഡ്യൂളുകൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ കൂടുതൽ ഷെഡ്യൂൾ അവിടെ ഓടുന്നുണ്ട്. യാത്രക്കാർക്ക് സൗകര്യക്കുറവില്ല. യാത്രക്കാരുടെ സൗകര്യം കുറയാതെ ശ്രദ്ധിക്കാം.

(2) തൃശ്ശൂർ ജില്ലയുടെ ടൂറിസം വികസനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, പ്രകൃതിയുടെ വരദാനമായ തൃശ്ശൂർ തേക്കുംകാട് മൈതാനത്തിനു ചുറ്റും വൈദ്യുതി അലങ്കാരം ഉണ്ടാക്കിയും തൃശ്ശൂർ മുതൽ വിഖ്യാത തീർത്ഥാടന കേന്ദ്രമായ ഗുരുവായൂർ വരെ ഹൈവേ വിളക്കുകൾ സ്ഥാപിച്ചും ടോയ്ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയും പിൽഗ്രിം ടൂറിസത്തെ പ്രോത്സാഹിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട വിനോദസഞ്ചാര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫസർ കെ. വി. തോമസ്): തൃശ്ശൂർ ജില്ലയുടെ സമഗ്ര ടൂറിസം വികസനത്തിനായി ടൂറിസം വകുപ്പ് ഒരു വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുകയാണ്. ഒക്ടോബർ മാസം ഈ മാസ്റ്റർപ്ലാൻ ലഭിക്കുന്നതോടെ തൃശ്ശൂരിൽ സമഗ്രമായ വികസനം ഉണ്ടാകും. അതോടൊപ്പം വടക്കേച്ചിറയുടെ വികസനം സംബന്ധിച്ച് ജില്ലാ പ്രൊമോഷൻ കൗൺസിൽ നൽകിയ പദ്ധതികൾ ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ട്. അതുപോലെതന്നെ തൃശ്ശൂർ-ഗുരുവായൂർ ദേശീയപാത നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിനുള്ള പ്രോജക്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. തേക്കിൻകാട് മൈതാനത്തിന്റെ കാര്യത്തിൽ അനുകൂലമായ നിലപാടാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്.

(3) കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ വൈദ്യുതി ക്ഷാമം

ശ്രീ. കെ. എ. ചന്ദ്രൻ: സർ, കൊല്ലങ്കോട്, മുതലമട, കൊടുവായൂർ ഇലക്ട്രിസിറ്റി സബ്സ്റ്റേഷനുകളുടെ പണി കഴിയുംവേഗം പൂർത്തീകരിച്ചും നെല്ലിയാമ്പതിയിലെ സബ്സ്റ്റേഷന്റെ പണി ആരംഭിച്ചും കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കേണ്ട ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, കൊല്ലങ്കോട് 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കഞ്ചിക്കോട് 220 കെ. വി. സബ്സ്റ്റേഷനിൽനിന്നും കൊല്ലങ്കോട് 110 കെ. വി. സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈൻ നിർമ്മാണം പൊതുമേഖലാ സ്ഥാപനമായ സിൽക്കിനെയാണ് ഏല്പിച്ചിരിക്കുന്നത്. ആകെയുള്ള 107 ടവറുകളിൽ 105 എണ്ണത്തിന്റെ ഫൗണ്ടേഷനും 104 എണ്ണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly